## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **322** **24/06/2013** - ൽ മറുപടിക്ക്

### എം.ബി.ബി.എസ്. പ്രവേശന പരീക്ഷയുടെ ചോദ്യപേപ്പർ ചോർത്തിയ സംഭവം

| ചോദ്യം | മറുപടി. |
|---|---|
| ശ്രീമതി കെ. കെ. ലതിക:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>" പി. റ്റി. എ. റഹീം:<br>" ആർ. രാജേഷ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) എം. ബി. ബി. എസ്. പ്രവേശനത്തിനായി വൻതുക കോഴ നൽകിയ വിദ്യാർത്ഥികൾക്കായി സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് കോഴിക്കോട് നടത്തിയ പ്രവേശന പരീക്ഷയുടെ ചോദ്യ പേപ്പർ ചോർത്തി രഹസ്യ പരിശീലനം നൽകിയതായ ആക്ഷേപം ഉയർന്നുവന്ന സാഹചര്യത്തിൽ വിജിലൻസ്/ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; | എ) എം. ബി. ബി. എസ്. പ്രവേശനത്തിനായി കോഴിക്കോട് ഉള്ളേരി മലബാർ മെഡിക്കൽ കോളേജ്, കെ.എം.സി.റ്റി. മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കോടികളുടെ അനധികൃത ഇടപാട് നടന്നുവരുന്നുവെന്നും മലബാർ മെഡിക്കൽ കോളേജിൽ മാനേജ്മെന്റ് സീറ്റിന് 75 ലക്ഷം രൂപയും NRI സീറ്റിന് 85 ലക്ഷം രൂപയും ആവശ്യപ്പെട്ടുവരുകയാണെന്നും തലവരിപ്പണം വാങ്ങിയ ശേഷം 31.05.2013ന് നടക്കുന്ന പരീക്ഷയിൽ ഇപ്രകാരം പണം നൽകുന്ന കുട്ടികളെ വിജയിപ്പിക്കുന്നതിനാണ് മാനേജ്മെന്റ് ശ്രമിക്കുന്നതെന്നും സൂചിപ്പിച്ചു കൊണ്ട് ശ്രീ. എ.ആർ. ഉണ്ണികൃഷ്ണൻ (അർത്തിയിൽ വീട്, കണിച്ചുകുളങ്ങര പി.ഒ. മാരാരിക്കുളം, ആലപ്പുഴ ജില്ല) എന്നയാൾ ഒരു പരാതി ക്രൈം ബ്രാഞ്ച് യൂണിറ്റിന് നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടന്നുവരുന്നു. |

| | |
|---|---|
| ബി) സംഭവത്തിൽ പ്രതിഷേധിച്ച് വിദ്യാർത്ഥി- യുവജന സംഘടനകൾ കോഴിക്കോട്ടെ പ്രവേശന പരീക്ഷാ കേന്ദ്രത്തിലേക്ക് നടത്തിയ മാർച്ചിനു നേരെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായോ; വിദ്യാർത്ഥികളെ പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ടോ; ലാത്തിച്ചാർജ്ജിൽ പരിക്ക് പറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുണ്ടോ; വിശദാംശം നൽകുമോ; | ബി) സ്വാശ്രയ മെഡിക്കൽ പ്രവേശനത്തോടനുബന്ധിച്ച് മാനേജുമെന്റുകൾ നടത്തിയ പരീക്ഷയിൽ ക്രമക്കേടുകൾ ഉണ്ടെന്നാരോപിച്ച് വിവിധ വിദ്യാർത്ഥി സംഘടനകൾ (KSU,SFI,AIYF,SIO) കുന്ദമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ കള്ളൻതോട് എന്ന സ്ഥലത്തുള്ള MES രാജാ റസിഡൻഷ്യൽ സ്കൂളിലേയ്ക്ക് അതിക്രമിച്ച് കയറുകയും അനുമതിയില്ലാതെ പ്രകടനം നടത്തുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി യുവജന സംഘടനകൾ നടത്തിയ പ്രസ്തുത മാർച്ചിനു നേരെ പോലീസ് ലാത്തിചാർജ്ജ് നടത്തിയിട്ടില്ല. എന്നാൽ വിവിധ വിദ്യാർത്ഥി സംഘടനകളുടെ അക്രമാസക്തമായ മാർച്ച് പിരിച്ചുവിടുന്നതിനായി ക്രമസമാധാനപാലനത്തിന്റെ ഭാഗമായി കണ്ണീർ വാതകം പ്രയോഗിച്ചിട്ടുണ്ട്. ഈ സംഭവത്തിന്മേൽ 5 പോലീസുദ്യോഗസ്ഥർക്ക് പരിക്കു പറ്റുകയും 103 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പരിക്കു പറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികളുടെ വിവരം ലഭ്യമല്ല. |
| സി) ലക്ഷങ്ങൾ കോഴ വാങ്ങിയതായി തെളിഞ്ഞ ഏതെല്ലാം മാനേജ്മെന്റുകൾക്കെതിരെ കേസെടുത്തിട്ടുണ്ട് ; അവരെ അറസ്റ്റു ചെയ്തിട്ടുണ്ടോ ; വിശദവിവരം നൽകുമോ? | സി) എം. ബി. ബി. എസ്. പ്രവേശനത്തിനായി കോഴിക്കോട് ഉള്ളേരി മലബാർ മെഡിക്കൽ കോളേജ്, കെ.എം.സി.റ്റി. മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ അനധികൃത ഇടപാട് നടന്നുവരുന്നുവെന്നും മലബാർ മെഡിക്കൽ കോളേജിൽ മാനേജ്മെന്റ് സീറ്റിന് 75 ലക്ഷം രൂപയും NRI സീറ്റിന് 85 ലക്ഷം രൂപയും ആവശ്യപ്പെട്ടുവരുകയാണെന്നും തലവരിപ്പണം വാങ്ങിയ ശേഷം 31.05.2013ന് നടക്കുന്ന പരീക്ഷയിൽ ഇപ്രകാരം പണം നൽകുന്ന കുട്ടികളെ വിജയിപ്പിക്കുന്നതിനാണ് മാനേജ്മെന്റ് ശ്രമിക്കുന്നതെന്നും സൂചിപ്പിച്ചുകൊണ്ട് ശ്രീ. എ.ആർ. ഉണ്ണികൃഷ്ണൻ (ആലപ്പുഴ ജില്ല) എന്നയാൾ ഒരു പരാതി ക്രൈം ബ്രാഞ്ച് യൂണിറ്റിന് നൽകിയിട്ടുണ്ട്. പരാതിയിന്മേലുള്ള അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ